## ലോക്ക് ഡൗൺ ആസ്വാദ്യകരമാക്കാൻ ഫേസ്ബുക്ക് പേജിലൂടെ വിവിധ കലാപരിപാടികളുമായി അട്ടപ്പാടി ബാല വിഭവകേന്ദ്രം

കൊറോണ വ്യാപനം തടയുന്നതിനായി പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ, ആദിവാസി കുട്ടികൾക്ക് ലോക്ക് ഡൗൺ ആസ്വാദ്യകരമാക്കാൻ ഫേസ്ബുക്ക് പേജിലൂടെ വിവിധ കലാപരിപാടികൾ അവതരിപ്പിച്ച് വ്യത്യസ്തരാവുകയാണ് അട്ടപ്പാടി ബാല വിഭവകേന്ദ്രം. ലോക്ക് ഡൗൺ കാലം സർഗ്ഗാത്മകമായി പ്രയോജനപ്പെടുത്താൻ 'ആട്ടവും പാട്ടും' എന്ന പരിപാടി ബാലവിഭവ കേന്ദ്രത്തിന്റെ ഫേസ്ബുക്ക് പേജിലൂടെ ഫേസ്ബുക്ക് ലൈവ് ആയാണ് അവതരിപ്പിക്കുന്നത്. ബാലസഭ ബാല ഗോത്രസഭ കലാകാരന്മാർ, കലാസാംസ്കാരിക മേഖലയിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ളവർ എന്നിവരാണ് പരിപാടികൾ അവതരിപ്പിക്കുന്നത്. ബാല വിഭവ കേന്ദ്രം, സമഗ്ര ആദിവാസി വികസന പദ്ധതി, കുടുംബശ്രീ മിഷൻ, അട്ടപ്പാടിയുടെ നേതൃത്വത്തിൽ ആണ് പരിപാടി അവതരിപ്പിക്കുന്നത്. ഏപ്രിൽ 13 നാണു ഈ പരിപാടി ആരംഭിച്ചത്.

എല്ലാ ദിവസവും വൈകുന്നേരം 7.30 മുതൽ 8 വരെയാണ് പരിപാടികൾ അവതരിപ്പിക്കുന്നത്. അട്ടപ്പാടിയിലെ മുന്നൂറിലധികം കുട്ടികൾ വീടുകളിലിരുന്നു പരിപാടിയിൽ പങ്കാളികളാവുന്നുണ്ട്. ഇതിനോടൊപ്പം കുട്ടികളുടെ കാര്യശേഷി വർധിപ്പിക്കുന്നതിനും അവരിലെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിനും സമയം കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനും സംസ്ഥാന തലത്തിൽ രസകരമായ പത്തിനം പരിപാടികൾ ആണ് കേരളത്തിലെ ആദിവാസ മേഖലയിലെ ബാലഗോത്രസഭ/ ബാലസഭാംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്നത്. ആറു വയസ്സ് മുതൽ പതിനെട്ടു വയസ്സ് വരെയുള്ള കുട്ടികൾക്കായി 'കോവിഡ് എന്ന മഹാമാരി'

വിഷയമാക്കിയുള്ള ചിത്രരചന മത്സരം, 'പച്ചക്കറി നടലും പരിപാലനവും' എന്ന ഹരിതകൂട്ടം ഫോട്ടോഗ്രാഫി മത്സരം, 'പ്രതീക്ഷ' വിഷയമായുള്ള കവിത രചന മത്സരം, 'പാഴ്‌വസ്തുക്കൾ കൊണ്ട് അലങ്കാരമാക്കാം നമ്മുടെ നാടും വീടും' എന്ന വിഷയത്തിൽ ക്രാഫ്റ്റ് മത്സരം, നാടൻ പാട്ടു മത്സരം, 'സ്നേഹപൂർവ്വം മുത്തശ്ശനും മുത്തശ്ശിക്കും' എന്ന കത്തെഴുതൽ മത്സരം, പരമ്പരാഗത ഉപകരണ നിർമാണം എന്നിവയും, പത്തു വയസ്സ് മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്കായി 'അതിജീവനം' എന്ന വിഷയത്തിൽ രണ്ടു മിനിറ്റ് ദൈർഘ്യമുള്ള ഡോക്യുമെന്ററി നിർമാണ മത്സരം, ' എന്റെ കാട് നിങ്ങളുടെയും' എന്ന വിഷയത്തിൽ രണ്ടു മിനിറ്റു ദൈർഘ്യമുള്ള വാർത്താ ദൃശ്യം തയ്യാറാക്കൽ മത്സരം, ' സാമൂഹിക അകലം സാമൂഹിക സുരക്ഷ' എന്ന വിഷയത്തിൽ രണ്ടു മിനിറ്റ് ദൈർഘ്യമുള്ള ഷോർട്ട് ഫിലിം മത്സരം എന്നിവയുമാണ് പത്തിന മത്സര പരിപാടികളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സംസ്ഥാനത്തിനകത്തുള്ള ബാലസഭയിലെ ഗോത്രവിഭാഗത്തിലെ കുട്ടികൾക്കാണ് പങ്കെടുക്കാൻ അവസരം ലഭിക്കുക. കുട്ടികളുടെ സൃഷ്ടികൾ ബാല വിഭവ കേന്ദ്രത്തിന്റെ ഫേസ്ബുക്ക് പേജിലൂടെയോ, 9048705686 എന്ന നമ്പറിലേക്കോ മെയ് ഒന്നിനു മുൻപായി അയച്ചുനൽകാനാണ് നിർദേശം നൽകിയിരിക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന സൃഷ്ടികൾക്ക് സമ്മാനം നൽകുന്നതോടൊപ്പം ബാലവിഭവ കേന്ദ്രത്തിന്റെ ഫേസ്ബുക്ക് ലൈവ് പരിപാടിയിൽ പങ്കെടുക്കാനുള്ള അവസരവും നൽകും.

ആശയവിനിമയത്തിന്റെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തി ഗോത്രവിഭാഗത്തിലെ കുട്ടികളുടെ കാര്യശേഷി വർധിപ്പിക്കുന്നതിനും അവരിലെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിനും സമയം കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയാണ് അട്ടപ്പാടി ബാല ഗോത്രസഭ.